എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ പദ്ധതികൾ

7 (*67) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് എന്തെല്ലാം ആശ്വാസ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) ദുരിത ബാധിതർക്ക് തൊഴിലും പുനരധിവാസവും ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ;

(സി) വിവിധ ജില്ലകളിലായി എത്ര ദുരിതബാധിതർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഇ) ദുരിതബാധിതർക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോസൾഫാൻ ദുരിത ബാധിത പരിഹാരസെല്ലിലേക്ക് 2006-ൽ അനുവദിച്ച 50 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപ പുനരധിവാസ പ്രവർത്തനത്തിനായി ഉപയോഗിക്കുകയുണ്ടായി. വിവിധ വർഷങ്ങളായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ പുനരധിവാസത്തിനായി നൽകി. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി ഹെൽത്ത് സെന്ററിലേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയും രോഗികൾക്ക് തുടർ ചികിത്സ നൽകി വരുന്നു. വൈകല്യം സംഭവിച്ച ദുരിതബാധിതർക്ക് 300 രൂപ പ്രതിമാസ വികലാംഗ പെൻഷന് പുറമേ സാമൂഹ്യക്ഷേമ വകുപ്പുവഴി അധികസഹായമായി 400 രൂപയും രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300 രൂപസഹായവും നൽകിവരുന്നു. ഇതുകൂടാതെ ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതും തൊഴിലെടുക്കാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വികലാംഗപെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗപെൻഷൻ ലഭിക്കാത്തവർക്ക് 2000 രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരിൽപ്പെട്ട രോഗികളായ മറ്റുള്ളവർക്ക് 1000 രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നുന്നതിന് 6-12-2010-ന് ഉത്തരവായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

9-4-2010 -ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽ നിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. ഇതിന്റെ ഭാഗമായി കിടപ്പിലായ രോഗികളെ വീട്ടിൽ എത്തി പരിചരിക്കുന്ന ഒരു മൊബൈൽ മെഡിക്കൽ സംഘം പ്രവർത്തിച്ചുവരുന്നു. അയുർവ്വേദ, അലോപ്പതി, ഹോമിയോ ഡോക്ടർമാരും ഫിസിയോതെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്പീച്ച് തെറാപ്പിസ്റ്റ് ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള പ്രത്യേക പരിശീലകർ എന്നിവർ അടങ്ങിയ സംഘം പ്രതിമാസം രണ്ട് ദിവസം വീതം പതിനൊന്ന് പഞ്ചായത്തുകളിലും എത്തി രോഗികളെ ചികിത്സിച്ചുവരുന്നു. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ധ ആശുപത്രികളിലൂടെ ഒരു രോഗിക്ക് 50,000 രൂപ വരെ ചികിത്സക്കായി നൽകുന്നുണ്ട്. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ ഓരോ സബ് സെന്ററുകളിലും 2 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടേയും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടേയും സേവനം ലഭ്യമാക്കുന്നതിനായി 24 മെയിൻ നഴ്സ്, 69 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് 30 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, 12 ഫിസിയൊ തെറാപ്പിസ്റ്റ്, ഒരു എക്സ്റേ ടെക്നീഷ്യൻ എന്നിവരെ എൻ.ആർ.എച്ച്.എം വഴി നിയമിക്കുകയും ഇനിയും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ന്യൂറോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1411 രോഗികൾക്ക് ചികിത്സ നൽകുകയും ചെയ്തു. പി.എച്ച്.സി. സി.എച്ച്.സി ജനറൽ ഹോസ്പിറ്റൽ - കാസർഗാഡ് ഡിസ്ട്രിക്ട് ഹോസ്പിറ്റൽ-കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു. കാസർ ഗോഡ് ജില്ല ആശുപത്രിയുടെ നവീകരണം പൂർത്തിയായി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഫിസിയോ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്.

(ബി) എൻഡോസൾഫാൻ ദുരിതബാധികർക്കായി ഒരു പുനരധിവാസ ചികിത്സാ കേന്ദ്രം കാസർഗോഡ് ജനറൽ ആശുപത്രിയിൽ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിപുലമായ പുനരധിവാസ പാക്കേജ് തയ്യാറായി വരുന്നു.

(സി) കാസർഗോഡ് ജില്ലയിൽ നടത്തിയ സർവ്വേയിൽ 2836 പേരെ എൻഡോസൾഫാൻ ദുരിബാധിതരായി കണ്ടെത്തിയിട്ടുണ്ട്. 2010 നവംബറിൽ ഇടുക്കി വയനാട് കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗിക്കപ്പെടുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങളിൽ ആരോഗ്യവകുപ്പ് ഫീൽഡ് വിഭാഗം ജീവനക്കാരും ആശ വോളണ്ടിയർമാരും വഴി പ്രാഥമിക സർവ്വേ നടത്തിവരുന്നു. ഈ ജില്ലകളിൽ വിവിധ ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരായി കണ്ടെത്തിയവരിൽ കൂടുതൽ വിശദമായ പരിശോധനകൾ വഴി മാത്രമേ എൻഡോസൾഫാനുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങളാണോ എന്നു പറയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 9-4-2010 -ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽ നിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. ഇതിന്റെ ഭാഗമായി കിടപ്പിലായ രോഗികളെ വീട്ടിൽ എത്തി പരിചരിക്കുന്ന ഒരു മൊബൈൽ മെഡിക്കൽ സംഘം പ്രവർത്തിച്ചുവരുന്നു. കൂടാതെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ന്യൂറോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1411 രോഗികൾക്ക് ചികിത്സ നൽകുകയും ചെയ്തു. പി.എച്ച്.സി, സി.എച്ച്.സി ജനറൽ ഹോസ്പിറ്റൽ -കാസർഗോഡ്, ഡിസ്ട്രിക് ഹോസ്പിറ്റൽ- കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ട് വരുന്നു. കാസർ ഗോഡ് ജില്ലാ ആശുപത്രിയുടെ നവീകരണം പൂർത്തിയായി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഫിസിയോ തൊറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

(ഇ) ദുരിതബാധിതർക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് വേണ്ടി ഒരു ചികിത്സാ പുനരധിവാസ പാക്കേജ് തയ്യാറാക്കി വരുന്നു. ഇത് ഉടനെ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

8 (*68) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നശേഷം പുതുതായി എത്ര ബസ്സുകൾ നിരത്തിലിറക്കി എന്ന് വെളിപ്പെടുത്തുമോ ;

(സി) ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രധാന ബസ്സ് സ്റ്റേഷനുകളിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബസ്സ് സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ; കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly